## വഴിവെളിച്ചം

# ശ്രേഷ്ഠ കർമങ്ങൾ

عَن ابن عُمَر رضِي الله عَنهُمَا : أَنَّ رَجُلاً جَاءَ إِلَى النَّبِيِّ ﷺ فَقَالَ : يَا رَسُولَ الله أَيُّ النَّاسِ أَحَبُّ إِلَى الله تَعَالَى ؟ وَأَيُّ الأَعْمَالِ أَحَبُّ إِلَى الله ؟ فَقَالَ رَسُولُ الله ﷺ : أَحَبُّ النَّاسِ إِلَى الله تَعَالَى أَنْفَعُهُم لِلنَّاسِ ، وَأَحَبُّ الأَعْمَالِ إِلَى الله سُرُورٌ تُدْخِلُهُ عَلَى مُسْلِمٍ أَوْ تَكْشِفُ عَنْهُ كُرْبَةً ، أَوْ تَقْضِي عَنْهُ دَيْنًا ، أَوْ تَطْرُدُ عَنْهُ جُوعًا ، وَلأَنْ أَمْشِيَ مَعَ أَخٍ فِي حَاجَةٍ أَحَبُّ إِلَيَّ مِنْ أَنْ أَعْتَكِفَ فِي هَذَا الْمَسْجِدِ – يَعْنِي مَسْجِدَ الْمَدِينَةِ – شَهْرًا . وَمَنْ كَفَّ غَضَبَهُ سَتَرَ اللهُ عَوْرَتَهُ ، وَمَنْ كَظَمَ غَيْظَهُ وَلَوْ شَاءَ أَنْ يُمْضِيَهُ أَمْضَاهُ مَلأَ اللهُ قَلْبَهُ رَجَاءً يَوْمَ الْقِيَامَةِ . وَمَنْ مَشَى مَعَ أَخِيهِ فِي حَاجَةٍ حَتَّى يَتَهَيَّأَ لَهُ أَثْبَتَ اللهُ قَدَمَهُ يَوْمَ تَزُولُ الأَقْدَامُ"

**ഇബ്നു ഉമർ പറയുന്നു: ഒരാൾ നബി(സ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ജനങ്ങളിൽ അല്ലാഹുവിന് ഏറെ പ്രിയപ്പെട്ടവർ ആരാണ്? അല്ലാഹുവിന് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട പ്രവൃത്തി ഏതാണ്?" നബി(സ) പറഞ്ഞു: "അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവർ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ഉപകാരം ചെയ്യുന്നവരാണ്. അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി ഒരു മുസ്‌ലിമിന് നീ വഴി ലഭിക്കുന്ന സന്തോഷമാണ്. അല്ലെങ്കിൽ അവന്റെ ഒരു പ്രയാസം നീക്കുകയോ കടം വീട്ടുകയോ ചെയ്യലാണ്; അതുമല്ലെങ്കിൽ അവന്റെ വിശപ്പ് മാറ്റലാണ്. നിശ്ചയം, ഒരു സഹോദരന്റെ കൂടെ, അവന്റെ ഒരു ആവശ്യപൂർത്തീകരണത്തിനായി സഞ്ചരിക്കൽ ഈ പള്ളിയിൽ (മസ്ജിദുന്നബവിയാണ് ഉദ്ദേശ്യം) ഒരു മാസം മുഴുവൻ ഇഅ്തികാഫ് അനുഷ്ഠിക്കുന്നതിനേക്കാൾ എനിക്ക് പ്രിയങ്കരമാണ്! ഒരാൾ തന്റെ കോപത്തെ അടക്കി നിർത്തിയാൽ അല്ലാഹു അയാളുടെ ന്യൂനതകൾ മറച്ചുവെക്കും. ആശിച്ചത് നടപ്പാക്കാനുള്ള ശേഷിയുണ്ടായിട്ടും തന്റെ വിദ്വേഷം കടിച്ചമർത്തിയവന്റെ ഹൃദയത്തിൽ അന്ത്യനാളിൽ അല്ലാഹു പ്രതീക്ഷകൾ നിറക്കും. തന്റെ സഹോദരന്റെ കൂടെ നടന്ന് അവന്റെ ആവശ്യം നിറവേറ്റിക്കൊടുത്ത ആളുടെ പാദങ്ങൾ, എല്ലാ പാദങ്ങളും വഴുതിവീഴുന്ന ഒരുനാളിൽ അല്ലാഹു ഉറപ്പിച്ചുനിർത്തും". ***

**അല്ലാഹുവിനോടുള്ള** സ്നേഹവും സമസൃഷ്ടിസേവനവും ഇസ്‌ലാമിൽ ഏറെ പ്രാധാന്യമുള്ള കാര്യങ്ങളാണ്. മുറിച്ചുമാറ്റാൻ പറ്റാത്തവിധം പരസ്പര പൂരകമാണ്. അല്ലാഹുവിനോടുള്ള സ്നേഹവും അനുരാഗവും തന്നെയാണ് അവന്റെ സർവ സൃഷ്ടിജാലങ്ങളോടുമുള്ള കാരുണ്യവും അലിവുമായി നിറഞ്ഞൊഴുകുന്നത്. ഒരു വ്യക്തി അല്ലാഹുവിൽനിന്ന് അകലും തോറും അവന്റെ സൃഷ്ടികളിൽനിന്നും അകന്നുകൊണ്ടിരിക്കും. അല്ലാഹുവിനോട് അടുക്കും തോറും സൃഷ്ടികളോടും അടുത്തുകൊണ്ടിരിക്കും. നബി(സ) പറഞ്ഞു: "സൃഷ്ടികൾ മുഴുവൻ അല്ലാഹുവിന്റെ കുടുംബമാണ്; അവന്റെ കുടുംബത്തിന് ഏറ്റവും കൂടുതൽ ഉപകാരം ചെയ്യുന്നവരാരോ അവരത്രെ അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവർ" (ത്വബറാനി).

ഇസ്‌ലാമിക വീക്ഷണത്തിൽ ജനസേവനം ഒരു ഭൗതികപ്രവർത്തനമല്ല. അല്ലാഹുവിനുള്ള ഇബാദത്തും പുണ്യകർമവുമാണ്. ജനങ്ങളെ സേവിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവർ അല്ലാഹുവിനെയാണ് സേവിക്കുന്നത്. ജനങ്ങളെ വെറുക്കുന്നയാൾ അല്ലാഹുവിനെയാണ് വെറുക്കുന്നത്.

സമൂഹത്തിൽ അവശതയനുഭവിക്കുന്നവരെ ആശ്വാസവചനങ്ങളോതി പറഞ്ഞയക്കാനല്ല നബി(സ) പഠിപ്പിക്കുന്നത്. അവരനുഭവിക്കുന്ന പ്രയാസങ്ങളിൽനിന്ന് അവരെ രക്ഷിക്കാനും കഷ്ടപ്പാടുകൾ ദൂരീകരിക്കാനുമാണ്. 'ഒന്നുകിൽ നീ അവന്റെ കടം വീട്ടുക; അല്ലെങ്കിൽ വിശപ്പ് മാറ്റുക. അതുമല്ലെങ്കിൽ ദുരിതം നീക്കുക' എന്ന് നബി(സ) പ്രത്യേകം ഉണർത്തുന്നത് അതുകൊണ്ടാണ്. മധുരഭാഷണങ്ങൾകൊണ്ട് കാര്യമില്ല; പ്രായോഗിക നടപടികളാണ് ആവശ്യം.

ആളുകൾക്ക് ഉപകാരം ചെയ്യാൻ കഴിയാത്തവർ ഏറ്റവും ചുരുങ്ങിയത് അവരെ ഉപദ്രവിക്കാതിരിക്കുകയെങ്കിലും വേണം. അതും പ്രതിഫലാർഹമായ സൽകർമമാണ്. ചിലരോടുള്ള പകയും വിദ്വേഷവുമാണ് അവരോട് അതിക്രമം കാണിക്കാൻ പലരെയും പ്രേരിപ്പിക്കാറുള്ളത്. കോപം നിയന്ത്രിക്കാൻ കഴിഞ്ഞാൽ ഒരു പരിധിവരെ അക്രമണോത്സുകതയിൽനിന്ന് രക്ഷപ്പെടാൻ കഴിയും. പൈശാചികമായ ഇത്തരം വികാരങ്ങൾ സൂക്ഷിക്കണമെന്ന് ഉണർത്തുകയാണ്. ജനങ്ങളോട് അലിവും കാരുണ്യവും വെച്ചുപുലർത്താൻ കഴിയണമെങ്കിൽ ഇത്തരം ദുർഗുണങ്ങളിൽനിന്ന് ആദ്യം മനസ്സിനെ ശുദ്ധീകരിക്കണമെന്നർഥം.

ഹദീസിന്റെ അവസാന ഭാഗം, ജനസേവനത്തിന് ലഭിക്കുന്ന വമ്പിച്ച പ്രതിഫലത്തെ സൂചിപ്പിക്കുന്നു. അന്ത്യനാളിലെ വിചാരണാവേളയിൽ ഓരോ മനുഷ്യനും നരകത്തിന് മുഖാമുഖം നിൽക്കുന്ന ഒരു സന്ദർഭമുണ്ട്. സദ്‌വൃത്തർ മാത്രം രക്ഷപ്പെടുകയും നിഷേധികൾ നരകാഗ്നിയിൽ വഴുതിവീഴുകയും ചെയ്യുന്ന സ്തോഭജനകമായ സന്ദർഭം. പ്രവാചകന്മാർ പോലും അന്നാളിൽ രക്ഷക്കായി കേണുകൊണ്ടിരിക്കും എന്ന് ഹദീസുകളിലുണ്ട്. ഈ ഘട്ടത്തിൽ ഒരാളുടെ പാദങ്ങൾ വഴുതാതെ ഉറപ്പുനിർത്തുക എന്നത് എത്ര വലിയ അനുഗ്രഹമായിരിക്കും!

ഇഅ്തികാഫും ജനസേവനവും തമ്മിലുള്ള ഒരു താരതമ്യം കൂടിയുണ്ട് ഈ ഹദീസിൽ. വമ്പിച്ച പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ശ്രേഷ്ഠകർമങ്ങളിലൊന്നാണ് ഇഅ്തികാഫ്. അത് മദീനാ പള്ളിയിൽ വെച്ചാവുമ്പോൾ ആ കർമത്തിന്റെ ശ്രേഷ്ഠത പിന്നെയും വർധിക്കുന്നു. അത്തരത്തിലുള്ള മുപ്പത് ദിനരാത്രങ്ങളിലെ ഇഅ്തികാഫ് അനുഷ്ഠാനത്തേക്കാൾ മഹത്തരമാണ്, ഒരു സഹോദരന്റെ പ്രശ്നപരിഹാരത്തിനായി ഇറങ്ങിത്തിരിക്കൽ എന്ന് ഓർമിപ്പിക്കുകയാണ്. സഹജീവികളുടെ പ്രയാസങ്ങൾ കാണാതെ പള്ളികളിലും മഠങ്ങളിലും ചടഞ്ഞുകൂടി കീർത്തനങ്ങളും ആലാപനങ്ങളുമായി ദൈവപ്രീതി നേടിയെടുക്കാൻ ശ്രമിക്കുന്നവർ ഈ നബിവചനത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കേണ്ടതുണ്ട്. നബി(സ) പറഞ്ഞു: "ആരെങ്കിലും തന്റെ പ്രാർഥനകൾ സ്വീകരിക്കപ്പെടണമെന്നും പ്രയാസങ്ങൾ ദൂരീകരിക്കപ്പെടമെന്നും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ ഞെരുക്കം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകട്ടെ" (അഹ്മദ്, അബൂയഅ്ല).

**ജഅ്ഫർ എളമ്പിലാക്കോട്**

*ഹദീസിന്റെ നിവേദകപരമ്പര 'ഹസൻ' ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ നാസ്വിറുദ്ദീൻ അൽബാനി സാക്ഷ്യപ്പെടുത്തുന്നു (*സിൽസിലത്തുൽഅഹാദീസിസ്സ്വഹീഹ*, ഹദീസ് നമ്പർ 906).